"സത്യമേവ ജയതേ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ- 2021-22 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ "2515-00-102-29(P)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ 33% തുകയായ 66 കോടി രൂപ അനുവദിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1087/2021/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം, 03/06/2021

---

പരാമർശം:- 1 03.07.2018 തീയതിയിലെ സ.ഉ(പി) നം.100/2018 ധന

2 30.04.2021 തീയതിയിലെ സ.ഉ(സാധാ) നം.937/2021/തസ്വഭവ

3 31.05.2021 തീയതിയിലെ സ.ഉ(സാധാ) നം.1065/2021/തസ്വഭവ

ഉത്തരവ്

2021-22 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29(P)" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (3) പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി 200 കോടി രൂപയുടെ 50% തുകയായ 100 കോടി രൂപ അനുവദിച്ച് നൽകി ഉത്തരവായിരുന്നു. എന്നാൽ 2021 ഏപ്രിൽ 1 നും -2021 ജൂലൈ 31 നും മദ്ധ്യേ ആകെ വകയിരുത്തിയ തുകയുടെ 33% മാത്രമേ അനുവദിച്ച് നൽകുവാനാകൂ എന്ന് ധനകാര്യവകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക വിധേയമായി നടപ്പു സാമ്പത്തിക വർഷം കുടുംബശ്രീയുടെ "2515-00-102-29(P)" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 200 കോടി രൂപയുടെ 33% തുകയായ 66 കോടി രൂപ അനുവദിച്ച് കൊണ്ട് പരാമർശം (3) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് പുതുക്കി ഉത്തരവാകുന്നു.

(3) തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള,
തിരുവനന്തപുരം

ധനകാര്യവകുപ്പ് (യു.ഒ നം.ധെവ2/107/2021/ഫിൻ തീയതി,10.05.2021 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Darsyill

സെക്ഷൻ ഓഫീസർ

കോപ്പി - ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ